## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1520 14.06.2013-ൽ മറുപടിയ്ക്ക്

## വയനാട് ഗവൺമെന്റ് പ്രസ്സിലെ കമ്പോസിറ്റർ തസ്തിക മാറ്റിയ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി. ശിവൻകുട്ടി** | | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വയനാട് ഗവൺമെന്റ് പ്രസ്സിൽ ഉ ണ്ട ായിരുന്ന ഏക സീനിയർ ഗ്രേഡ് കമ്പോസിറ്റർ തസ്തിക സർക്കാർ അനുമതിയില്ലാതെ കണ്ണൂർ ഗവൺമെന്റ് പ്രസ്സിലേക്ക് മാറ്റിയ സാഹചര്യം എന്താണെന്നു വ്യക്തമാക്കുമോ ; | (എ) | വയനാട് ഗവൺമെന്റ് പ്രസ്സിൽ നിന്നും സീനിയർ ഗ്രേഡ് കമ്പോസിറ്ററുടെ തസ്തിക കണ്ണൂർ ഗവൺമെന്റ് പ്രസ്സിലേക്ക് മാറ്റിയ സാഹചര്യം പരിശോധിക്കുന്നതും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ബി) പ്രസ്തുത നടപടിക്കു ശേഷം വയനാട് ഗവൺമെന്റ് പ്രസ്സിലെ ഡി.റ്റി.പി. പ്രവർത്തനങ്ങൾ എങ്ങനെയാണ് നടക്കുന്നതെന്നു വ്യക്തമാക്കുമോ ? | (ബി) | വയനാട് ഗവൺമെന്റ് പ്രസ്സിൽ ഒരു ഡി.റ്റി.പി.ഓപ്പറേറ്ററുടെ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. പി.എസ്.സി. നിയമനം നടക്കുന്നതുവരെ താത്കാലികമായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വയനാട് ഗവൺമെന്റ് പ്രസ്സിലെ അത്യാവശ്യ അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിന് വേണ്ടി ഡി.റ്റി.പി. ഓപ്പറേറ്ററായി ജോലി ചെയ്യുവാൻ തയ്യാറായിട്ടുള്ളവരുടെ വിവരം ശേഖരിക്കുവാൻ സർക്കുലർ നൽകുകയും അതിൻ പ്രകാരം കണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ ജൂനിയർ ഫോർമാൻ ശ്രീ.കെ.പി.ശശീന്ദ്രനെ വയനാട് ഗവൺമെന്റ് പ്രസ്സിൽ താത്കാലികമായി നിയമിച്ചിട്ടുണ്ട്. വയനാട് ഗവൺമെന്റ് പ്രസ്സിൽ അദ്ദേഹം ഡി.റ്റി.പി. വിഭാഗത്തിന്റെ ജോലികൾ ഇപ്പോൾ നിർവ്വഹിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ